തടക്കാൻ പര്യാപ്തവും ആധുനികീകൃതവുമായ ഒരു രാസ—ആയുധശേഖരം സൂക്ഷിക്കാൻ തങ്ങൾക്ക് അധികാരമുണ്ടെന്നതാണ് എല്ലാ ആയുധവൽകൃതരാഷ്ട്രങ്ങളുടെയും ഇന്നത്തെ നിലപാട്. ഈ സാഹചര്യത്തിൽ പാരീസ് സമ്മേളനം കൊണ്ട് എന്തു പ്രയോജനമുണ്ടാകുമെന്നു കണ്ടുതന്നെ അറിയണം.

7 ജനുവരി, 1989

## 42. അണു-ആയുധനിർമാണവ്യവസായവും പ്രകൃതിമലിനീകരണവും

'മാരകമായ' എന്നു ചുരുക്കിപ്പറഞ്ഞാൽ പോരാ, 'ചുററുമുള്ള സകല ജീവജാലങ്ങളെയും ആയിരമായിരം വർഷങ്ങളോളം തുടർച്ചയായി നശിപ്പിച്ചുകൊണ്ടിരിക്കുന്ന' എന്ന് വിടർത്തിത്തന്നെ പറയണം. അത്തരം മലിനവസ്തുക്കൾ വൻതോതിൽ നിർമിച്ചു പുറംതള്ളുന്നു എന്നതാണ് അണുവൈദ്യുതീനിലയങ്ങൾക്ക് എതിരേ ഉദ്ബുദ്ധവിഭാഗങ്ങൾക്കിടയിൽ ഉയർന്നുവന്നിട്ടുള്ള എതിർപ്പിനു മുഖ്യകാരണം. അണുവൈദ്യുതീനിലയങ്ങളിൽനിന്നു പുറംതള്ളപ്പെടുന്ന മലിനവസ്തുക്കൾ എങ്ങനെ കൈകാര്യംചെയ്യണമെന്ന് ശാസ്ത്രജ്ഞന്മാർക്ക് അറിവില്ല.

'മാലിന്യം' എന്നു കേൾക്കുമ്പോൾ കുപ്പപോലെയുള്ള കട്ടിയായ വസ്തുക്കളാണ് നമ്മുടെ ഓർമയിൽ ഓടിയെത്തുന്നത്. എന്നാൽ, അണുവൈദ്യുതീനിലയങ്ങൾ വിസർജിക്കുന്നത് ഖരരൂപത്തിലുള്ള മാലിന്യം മാത്രമല്ല, ദ്രവരൂപത്തിലും വാതകരൂപത്തിലും രശ്മിരൂപത്തിലുമുള്ള മലിനവസ്തുക്കൾ അണുവൈദ്യുതീനിലയങ്ങളിൽനിന്നു നിരന്തരം പുറത്തു വന്നുകൊണ്ടിരിക്കും. ഖരരൂപത്തിലുള്ള മലിനവസ്തുക്കൾ ഉരുക്കി ചില്ലുപോലെയാക്കി ('വിട്രിഫൈ' എന്ന് ഇംഗ്ലീഷിൽ) സിമിൻറുതൊട്ടികളിൽ അടച്ച് ആഴത്തിൽ മണ്ണിൽ കുഴിച്ചിടാമെന്നുവയ്ക്കുക. പക്ഷേ, അണുപ്രസരണമുള്ള വെള്ളവും വാതകങ്ങളും എന്തു ചെയ്യും? ഭൂമിക്കു പുറത്തോ അടിയിലോ ഉള്ള ശുദ്ധജലത്തോട് ഈ മലിനജലം ഉടൻ കൂടിക്കലരും; താമസിയാതെ ഈ വിഷവെള്ളം ജീവവ്യൂഹത്തിൻെറ ശരീരങ്ങളിലെത്തും. വാതകങ്ങൾ ഉടൻ വായുവിൽ ലയിക്കും. ജീവവ്യൂഹങ്ങൾ ഈ വിഷവായു ശ്വസിക്കും. രോഗങ്ങൾക്കും മരണത്തിനും മലിനമായ ഈ വെള്ളവും വായുവും വലിയ തോതിൽ കാരണമാവും. ഇവയ്ക്കു പുറമെയാണ് രശ്മിരൂപത്തിലുള്ള മലിനവസ്തുക്കൾ. കാണാത്ത ഏതോ ദൈവത്തിൻെറ പകപോലെ ഈ വിഷരശ്മികൾ ജീവവ്യൂഹത്തെ നശിപ്പിക്കും. സാധാരണ മലിനവസ്തുക്കളെ അവയുടെ ദുർഗന്ധംകൊണ്ടോ അസാധാരണ നിറംകൊണ്ടോ ആകൃതി വൈരൂപ്യംകൊണ്ടോ ഒക്കെ തിരിച്ചറിയാം. അണുവൈദ്യുതീനിലയമാലിന്യങ്ങൾ തിരിച്ചറിയണമെങ്കിൽ പരിഷ്കൃതങ്ങളായ യന്ത്രസാമഗ്രികൾ വേണം. അതിനാൽ, സാധാരണ ജനങ്ങൾക്ക് ഈ മാലിന്യങ്ങളെ കണ്ടറിഞ്ഞ് ഒഴിഞ്ഞുപോവുക സാദ്ധ്യമല്ല.

അണുവൈദ്യുതീനിലയങ്ങൾപോലെതന്നെയാണ് അണ്വായുധങ്ങൾ നിർമിക്കുന്ന ഫാക്ടറികളും. വലിയ തോതിൽ മലിനവസ്തുക്കളെ ഈ ഫാക്ടറികളും പുറംതള്ളുന്നുണ്ട്. പക്ഷേ, ചുററും പാർക്കുന്ന ജനങ്ങൾക്ക് ഈ മലിനവസ്തുക്കളെപ്പററി ഒന്നും അറിഞ്ഞുകൂടാ. പരമരഹസ്യമായാണ് അണ്വായുധങ്ങൾ നിർമിക്കപ്പെടുന്നത്. അവ നിർമിക്കുന്ന ഫാക്ടറികളെപ്പററി ഒരു വിവരവും ഒരു സർക്കാരും പുറത്തു വിടുകയില്ല.

എങ്കിലും അണ്വായുധ ഫാക്ടറികൾ നിലവിലുള്ള രാജ്യങ്ങളിലെ ജനങ്ങൾ ഈ ഫാക്ടറിയിൽനിന്നു പുറംതള്ളപ്പെടുന്ന പല രൂപത്തിലുള്ള മാലിന്യ

ങ്ങളെപ്പററി ആശങ്കാകുലരായിരിക്കുന്നു. ഈ വിഷയത്തിൽ അമേരിക്കക്കാർക്കുള്ള ഭയാശങ്കകൾ 1988 ഒക്ടോബർ 31—ലെ 'ടൈം' വാരിക വ്യക്തമായി വിവരിക്കുന്നുണ്ട്. വാരികയുടെ ആ ലക്കം തിരഞ്ഞെടുത്തു വായിക്കാനും സുഹൃത്തുക്കളെക്കൊണ്ട് വായിപ്പിക്കാനും അതിനെപ്പററി ചർച്ചകൾ നടത്താനും ഈ കാര്യത്തിൽ—എന്തിന്, മനുഷ്യവർഗത്തിന്റെ ഭാവിയിൽത്തന്നെ—താല്പര്യമുള്ള എല്ലാവരോടും ഞാൻ ശുപാർശചെയ്യുന്നു.

1945 ജൂലൈ 16-ാം തീയതിയാണ് മനുഷ്യൻ ആദ്യമായി അണുസ്ഫോടനം നടത്തിയത്—അമേരിക്കൻ ഐക്യനാടുകളിലെ ന്യൂമെക്സിക്കോ സ്റ്റേററിൽ അലമഗാർഡോ നഗരത്തിൽനിന്ന് ഒട്ടകലെ 'ട്രിനിററി' എന്ന പരീക്ഷണകേന്ദ്രത്തിൽ. ഇരുപത്തു ദിവസങ്ങൾക്കുശേഷം 1945 ആഗസ്റ്റ് 6-ാം തീയതി ജപ്പാനിലെ 'ഹിറോഷിമ'യ്ക്കു മീതെ ആകാശത്തിൽ അമേരിക്ക ആദ്യത്തെ അണുബോംബ് പൊട്ടിച്ചു.

ഹിറോഷിമയിൽ പൊട്ടിയ അണുബോംബ് തുലോം അപരിഷ്കൃതവും ശക്തി കുറഞ്ഞതും ഭീമാകാരവുമായിരുന്നു. കയററിക്കൊണ്ടുപോകാൻ ഒരു വലിയ വിമാനം ആവശ്യമായിരുന്ന അണുബോംബിനെ ഇപ്പോൾ ഒരു പീരങ്കിയുണ്ടയിലടങ്ങാവുന്ന വിധത്തിൽ ചെറുതാക്കുക സാദ്ധ്യമായിട്ടുണ്ട്. അണുബോംബിന്റെ സംഹാരശക്തിയാണെങ്കിൽ പല മടങ്ങു വർദ്ധിക്കുകയുംചെയ്തിരിക്കുന്നു. അമേരിക്കയ്ക്കു പുറമേ റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ചൈന എന്നീ രാഷ്ട്രങ്ങളും അണ്വായുധങ്ങൾ നിർമിച്ചുവരുന്നുണ്ട്. പാകിസ്ഥാൻ, തെക്കേ ആഫ്രിക്ക, ഇസ്രായേൽ, ഇന്ത്യ മുതലായ വേറെയും ഏതാനും രാഷ്ട്രങ്ങളും അണ്വായുധങ്ങൾ നിർമിച്ചിട്ടുള്ളതായി സംശയിക്കപ്പെടുന്നു.

ഓരോ രാഷ്ട്രവും പരമരഹസ്യമായാണ് അണ്വായുധനിർമാണതന്ത്രം വികസിപ്പിച്ചിട്ടുള്ളത്. അതിനാൽ, അണ്വായുധനിർമാണത്തിലേർപ്പെട്ട ഓരോ രാഷ്ട്രത്തിനും ആവശ്യമായ പരീക്ഷണങ്ങൾ വേറെവേറെ ചെയ്യേണ്ടിവന്നു. 1945 മുതൽ 1985 അവസാനംവരെ കരയിലും കടലിലും ആകാശത്തും ഭൂമിയുടെ അടിയിലുമായി ആയിരത്തറുന്നൂററിപ്പതിമൂന്ന് (1,613) പരീക്ഷണസ്ഫോടനങ്ങൾ നടത്തപ്പെട്ടിരുന്നു (മനനങ്ങൾ നിഗമനങ്ങൾ, പേജ് 114) ഭൂഗർഭസ്ഫോടനങ്ങൾ മാത്രമേ ഇപ്പോൾ നടക്കുന്നുള്ളു; കരയിലും വെള്ളത്തിലും ആകാശത്തും അണു—സ്ഫോടനങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്നു.

അണ്വായുധങ്ങളുടെ നിർമാണം ത്വരിതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നാണ് പറയപ്പെടുന്നത്. അമേരിക്കയുടെ കൈവശം തൊള്ളായിരത്തിമുന്നൂറും (9,300) സോവിയററ് യൂനിയന്റെ കൈവശം ഏഴായിരത്തിഇരുന്നൂറും (7,200) അണ്വായുധങ്ങൾ ഉണ്ടെന്നു് 1982—ൽ പ്രസ്താവിക്കപ്പെട്ടിരുന്നു (വെല്ലുവിളികൾ പ്രതികരണങ്ങൾ, പേജ് 51). മററു രാഷ്ട്രങ്ങളുടെ കൈവശവും ഉണ്ടാവാം കുറെ അണ്വായുധങ്ങൾ. പഴയ അണ്വായുധങ്ങൾ പൊളിച്ച്, അവയുടെ സ്ഥാനത്ത് പുതിയ, ശക്തിയേറിയ, അണ്വായുധങ്ങൾ നിർമിക്കുന്നതിനുള്ള ശ്രമങ്ങളും ഇളവില്ലാതെ നടന്നുവരുന്നു. പരമരഹസ്യമായ ഈ മേഖലയിൽ എന്തു സംഭവിക്കുന്നു എന്നതിനെപ്പററി ഊഹങ്ങൾ മാത്രമേ ലഭ്യങ്ങളായുള്ളു.

അമേരിക്കയിൽ മററു വ്യവസായങ്ങൾപോലെ അണ്വായുധനിർമാണവും സ്വകാര്യമേഖലയിലാണ് നടക്കുന്നത്. അണ്വായുധങ്ങൾക്കാവശ്യമായ വ്യത്യസ്ത ഘടകങ്ങൾ സർക്കാരിന്റെ ഓർഡർ അനുസരിച്ച് സ്വകാര്യഫാക്ടറികൾ നിർമിച്ചുനൽകുന്നു. സ്വകാര്യ ഉടമയിലുള്ളവയെങ്കിലും 'യുദ്ധതന്ത്ര'ത്തിന്റെ ഭാഗമാകയാൽ ഈ ഫാക്ടറികളും പരമരഹസ്യമായാണ് പ്രവർത്തനം നടത്തുന്നത്. അണ്വായുധ നിർമാണപ്രക്രിയയ്ക്കിടയിൽ ഈ ഫാക്ടറികൾ വലിയ തോതിൽ മലിനവസ്തുക്കൾ വിസർജിക്കുന്നു. ഈ വിഷവസ്തുക്കൾ എങ്ങനെ കൈകാര്യംചെയ്യപ്പെടുന്നു എന്നതിനെപ്പററി വ്യാപകമായ ആശങ്ക അമേരിക്കയിലെ ബഹുജനങ്ങൾക്കിടയിൽ ഉണ്ടായിട്ടുള്ളതായി ടൈം വാരിക (നവംബർ 30) പറയുന്നു. ഉദ്ധരിക്കാം:

'രോഷവും വിശ്വാസരാഹിത്യവും നാടുനീളെ വളർന്നുവരികയാണ്.' 'കൂടുതൽ നിർമാണം' എന്ന ഒരൊററ വിചാരം മാത്രമുള്ളതും അപവാദജനകമാംവിധം ഹ്രസ്വദൃഷ്ടിയാർന്നതുമായ അമേരിക്കയിലെ അണ്വായുധവ്യവസായത്തെ വിമർശകർ വളഞ്ഞ് ആക്രമിച്ചുകൊണ്ടിരിക്കുന്നു. അതിൽ ആശ്ചര്യമില്ല. നാല്പതു വർഷങ്ങളോളമായി രാജ്യരക്ഷയെന്ന മറയ്ക്കകത്ത് അതിരഹസ്യമായി പ്രവർത്തിച്ചുവരുന്ന അണുബോംബ് നിർമാതാക്കൾ ആവശ്യമുണ്ടെന്ന് സൈന്യം കരുതുന്ന അണ്വായുധങ്ങളത്രയും നിർമിച്ചുകൊടുക്കുക എന്ന ഒരേ ഒരു ലക്ഷ്യത്തെ ലക്കും ലഗാനുമില്ലാതെ പിന്തുടർന്നുകൊണ്ടിരിക്കുകയാണ്. തങ്ങളുടെ പഴഞ്ചൻ ഫാക്ടറികളുടെ പ്രവർത്തനം ജനങ്ങൾക്കു വരുത്തിത്തീർക്കുന്ന—ഇതിനകം വരുത്തിത്തീർത്തിരിക്കാവുന്ന—വിപത്തുകളെപ്പററി ഈ ആയുധ നിർമാതാക്കൾ തികഞ്ഞ അശ്രദ്ധയാണ് പുലർത്തുന്നതെന്ന ആരോപണം ഇപ്പോൾ ഉന്നയിക്കപ്പെട്ടിരിക്കുന്നു. 'രാഷ്ട്രരക്ഷയുടെ പേരിൽ നമ്മുടെ ജനങ്ങൾക്കു നാം വിഷം കൊടുത്തുകൊണ്ടിരിക്കുന്നു' എന്നാണ് ഒഹായോവിലെ സെനററർ ഗ്ലെൻ ഈ സാഹചര്യത്തെ വ്യക്തമായി സംക്ഷേപിക്കുന്നത്.

'കണിശക്കാരല്ലാത്ത ഉദ്യോഗസ്ഥന്മാർ മേൽനോട്ടം നടത്തുന്നതിൽ വീഴ്ച വരുത്തിയതുകൊണ്ടാവാം, മലിനീകരണത്തെപ്പററി വേവലാതിപ്പെടേണ്ടതില്ലെന്ന് ഇതേ ഉദ്യോഗസ്ഥന്മാർ നിർദേശിച്ചതുകൊണ്ടുമാവാം, അമേരിക്കയിലെ പ്രധാനപ്പെട്ട ആയുധഫാക്ടറികൾ നടത്തുന്ന സ്വകാര്യ കൺട്രാക്ടർമാർ വളരെ വലിയ അളവിൽ അണുപ്രസരണമുള്ള(റേഡിയോ ആക്ടിവ്) കണങ്ങൾ വായുവിലേക്കു വിട്ടയച്ചിട്ടുണ്ട്; ക്യാൻസർ ഉണ്ടാക്കാൻ കഴിവുള്ള എത്രയോ ടൺ ചപ്പുചവറുകൾ ഒഴുകുന്ന അരുവികളിലും ചോർച്ചയുള്ള കുഴികളിലും നിക്ഷേപിച്ചിട്ടുമുണ്ട്. ഇവ മണ്ണിനടിയിലെ വെള്ളത്തിലേക്ക് തടുക്കാനാവാത്തവിധം ചോർന്നു കടന്നിട്ടുണ്ട്. ഇതിൻഫലമായി ക്യാൻസർ, ജന്മസിദ്ധങ്ങളായ ശാരീരിക വൈകല്യങ്ങൾ, തൈറോയ്ഡ് അപര്യാപ്തതകൾ മുതലായ അസ്വാസ്ഥ്യങ്ങൾ എത്ര ആളുകൾക്ക് ഇതിനകം വന്നുപെട്ടിട്ടുണ്ടെന്ന് ആർക്കും അറിഞ്ഞുകൂടാ. സർക്കാർ ഉദ്യോഗസ്ഥന്മാർക്ക് ഇതിലൊന്നും താല്പര്യമില്ല. എന്തുകൊണ്ട്? നിയമത്തിന്റെയും ഉദ്യോഗസ്ഥമേധാവിത്തത്തിന്റെയും നൂലാമാലകൾ കാരണം പരിസ്ഥിതിക്കും മനുഷ്യർക്കും വന്നുചേർന്നിട്ടുള്ള വിപത്തുകൾക്ക് ഇപ്പോൾ ആരും ഉത്തരവാദികളല്ല!

'വാഷിങ്ടൺ സ്റ്റേററിൽ, പരന്നുകിടക്കുന്ന ഹാൻഫോർഡ് പ്ളൂട്ടോണിയം സംസ്കരണശാലയിൽ, മാനേജർമാർ ഒരിക്കൽ കരുതിക്കൂട്ടി അയ്യായിരത്തമ്പതു് (5,050) ക്യൂറി റേഡിയോ ആക്ടിവിററി ഉളവാക്കുന്ന അയഡിൻ വായുവിലേക്ക് തുറന്നുവിട്ടു. ജനങ്ങൾ കാണാതെ, സർക്കാരും ശ്രദ്ധിക്കാതെ; തെക്കൻ കരോളിന സ്റ്റേററിൽ സാവന്ന നദിക്കടുത്തു പ്രവർത്തിക്കുന്ന പഴഞ്ചൻ റിയാക്ടറിൽ 1970-ൽ കൈക്കൊണ്ട തെററായ ചില നടപടികൾമൂലം ഒരു ഇന്ധനദണ്ഡിന്റെ കുറെ ഭാഗം ഉരുകിപ്പോയി. യഥാസമയം തടയപ്പെട്ടിരുന്നെങ്കിൽ 1979-ൽ 'ത്രീമൈൽ ഐലൻഡി'ൽ നടന്നതുപോലെ ഒരു പൊട്ടിത്തെറി (1970-ൽ) ഇവിടെ ഉണ്ടാകുമായിരുന്നു. ഈ ഭയാനകമായ സംഭവം രാഷ്ട്രത്തെ മുഴുവൻ നടുക്കി. അമേരിക്കൻ സിവിലിയൻ അണു—വൈദ്യുതിവ്യവസായത്തിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്താൻ ഇതു കാരണമാവുകയും ചെയ്തു.

'അണ്വായുധ-ഫാക്ടറികൾ പുറംതള്ളുന്ന വിഷമയങ്ങളായ മാലിന്യങ്ങൾ ആപൽക്കരമാംവിധം കുന്നുകൂടുകയാണ്. അവ സുരക്ഷിതമായി എവിടെക്കൊണ്ടുചെന്നു തള്ളാം എന്ന പ്രശ്നം ഇനിയും പരിഹരിക്കപ്പെട്ടിട്ടില്ല. ഇതു് മറെറാരു ധർമസങ്കടത്തിലേക്കാണ് നയിക്കുന്നത്. ഇഡാഹോ സ്റ്റേററിലേക്ക് അണ്വായുധഫാക്ടറികളിലെ മാലിന്യം ഏതെങ്കിലും തരത്തിൽ കടത്തിക്കൊണ്ടുവരുന്നത് അവിടത്തെ ഗവർണർ കഴിഞ്ഞ ആഴ്ച (1988 ഒക്ടോബർ മദ്ധ്യത്തിൽ) നിരോധിച്ചിട്ടുണ്ട്. അമേരിക്കയിലെ അണ്വായുധ—വ്യവസായമാലിന്യത്തിന്റെ എഴുപത്തഞ്ചു ശതമാനവും 1952 മുതൽ ഇഡാഹോ സ്റ്റേററിലെ നാഷണൽ എൻജിനി

യറിങ് ലാബറട്ടറിയിൽ കൊണ്ടുവന്ന് ഒരു ലക്ഷത്തിയിരുപതിനായിരം (1,20,000) വീപ്പകളിലും പതിനോരായിരം (11,000) പെട്ടികളിലും അടച്ച് സൂക്ഷിച്ചിരിക്കുകയാണ്. ന്യൂമെക്സിക്കോവിൽ കാൾസ്ബാഡ് നഗരത്തിനടുത്ത് ഭൂമിക്കടിയിൽ മൂവായിരം (3,000) അടി താഴെ ഉപ്പുകുഴികളിൽ ഇതു കുഴിച്ചിടാനാണ് ഉദ്ദേശം. പക്ഷേ, എന്ന് ഇതു സാദ്ധ്യമാവും എന്ന് ആർക്കും അറിഞ്ഞുകൂടാ. 'ഈ മലിനവസ്തുക്കൾ എങ്ങനെ ഒഴിവാക്കാമെന്ന് അറിഞ്ഞുകൂടെങ്കിൽ നാം അവ ഉല്പാദിപ്പിക്കരുതായിരുന്നു' എന്നാണ് ഇഡാഹോ സ്റ്റേറ്റിന്റെ ഗവർണർ പറയുന്നത്.

(ഇന്നോളം ഈട്ടംകൂടിയ അണ്വായുധ വ്യവസായ മാലിന്യങ്ങൾ ശുചീകരിക്കാൻ പതിനായിരം കോടി (1,00,00,00,00,000) ഡോളർ ചെലവാവും; 20–30 വർഷങ്ങളും വേണ്ടിവരും.)

അമേരിക്കയിലെ ഏറ്റവും വലിയ നാല് അണ്വായുധ–വ്യവസായശാലകൾ ഇപ്പോൾ അടച്ചുപൂട്ടിയിരിക്കുന്നു. വാഷിങ്ടൺ സ്റ്റേറ്റിലെ ഹാൻഫോർഡ് വ്യവസായശാല, സാവന്ന റിവർ കോംപ്ലെക്സ്, കൊളറാഡോവിലെ റോക്കി ഫ്ലാറ്റ്സ് എന്ന സ്ഥലത്തുള്ള പ്ളൂട്ടോണിയം സംസ്കരണശാല, ഒഹായോവിലെ 'ഫീഡ് മെറ്റീരിയൽസ് പ്രൊഡക്ഷൻ സെന്റർ' എന്നിവയാണ് ഈ അടച്ചുപൂട്ടിയ വ്യവസായശാലകൾ (ഇവയിൽ സാവന്ന ഫാക്ടറി ഒരു വർഷത്തിനകം തുറന്നില്ലെങ്കിൽ 'അമേരിക്കയ്ക്ക് ഏകപക്ഷീയമായി നിരായുധീകരണം നടപ്പിൽ വരുത്തേണ്ടിവരും' എന്ന് അസിസ്റ്റന്റ് ഡിഫൻസ് സെക്രട്ടറി റോബർട്ട് ബാർക്കർ പറയുന്നു).

അണ്വായുധ–നിർമാണശാലകൾക്കടുത്തു ജീവിക്കുന്ന നിരപരാധികളായ ജനങ്ങളുടെ ആരോഗ്യത്തിന് അണുപ്രസരണംമൂലമുണ്ടാകുന്ന ആപത്തുകളെപ്പറ്റി വാഷിങ്ടണിലെ ഉദ്യോഗസ്ഥന്മാർക്കുള്ള പ്രകടമായ അനാസ്ഥ നിമിത്തം തങ്ങൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു എന്ന കയ്പേറിയ ബോധം രാഷ്ട്രസുരക്ഷിതത്വത്തിൽ താല്പര്യമുള്ളവരുടെ(അമേരിക്ക അണുബോംബ് ഉണ്ടാക്കിവെക്കണമെന്ന് വാദിക്കുന്നവരുടെ)പോലും ഇടയിൽ വളർന്നുവന്നിട്ടുണ്ട്. ചില വ്യവസായശാലകൾക്കരികിൽ താമസിക്കുന്നവരെ അണുപ്രസർണം എത്രമാത്രം ബാധിച്ചിരിക്കുന്നു എന്നറിയാൻ പഠനങ്ങൾ ആരംഭിച്ചിട്ടുണ്ട്; പക്ഷേ, ഈ പഠനങ്ങൾ പൂർത്തിയാവാൻ എത്രയോ വർഷങ്ങൾ വേണ്ടിവരും. അതിനാൽ ഈ പ്രദേശങ്ങളിൽ പാർക്കുന്ന പലർക്കും ഭാവി വിഷാദകരമായ ഒരു രഹസ്യമാണ്.

'അണുബോംബുണ്ടാക്കുന്നതിനിടയ്ക്ക് നാല്പതു വർഷമായി നിർമിച്ചുകൂട്ടിയ റേഡിയോ–ആക്ടിവ് മലിനവസ്തുക്കൾ സൂക്ഷിച്ചുവെക്കുകയെന്ന അതിഭീമമായ കർത്തവ്യം എങ്ങനെ നിർവഹിക്കാമെന്ന് അറിയാതെ പരുങ്ങുകയാണ് അണുശക്തിവകുപ്പിലെ ഉദ്യോഗസ്ഥർ. വരുന്ന സഹസ്രാബ്ദങ്ങളിൽ ഈ മാലിന്യങ്ങൾമൂലം ആപത്ത് ഉളവാകാത്ത വിധത്തിൽ സ്ഥിരമായി ഇവയെ എങ്ങനെ കുഴിച്ചുമൂടാമെന്ന പ്രശ്നത്തിന് ഇനിയും ഉത്തരം ലഭിച്ചിട്ടില്ല. രണ്ടു വ്യവസായശാലകളിൽ—ഹാൻഫോർഡിലും സാവന്നയിലും—മാത്രമായി പത്തു കോടി (10,00,00,000) ഗ്യാലനോളം അണുപ്രസരണമാലിന്യങ്ങൾ ഉല്പാദിപ്പിക്കപ്പെട്ടിട്ടുണ്ട്. ഹാൻഫോർഡിൽ മാത്രം ഇരുപതിനായിരം കോടി (2,00,00,00,00,000) ഗ്യാലൺ മാലിന്യങ്ങൾ, അവ താരതമ്യേന വിഷശക്തി കുറഞ്ഞവയാണെന്ന് പറഞ്ഞ് കുളങ്ങളിലും കുഴികളിലും നിക്ഷേപിച്ചിരിക്കുന്നു. 1944–നും 1956–നും ഇടയ്ക്ക് ഹാൻഫോർഡ് അണ്വായുധനിർമാണശാല അഞ്ചുലക്ഷത്തിമുപ്പതിനായിരം (5,30,000) ക്യൂറീസ് അണുപ്രസരണം പുറത്തു പരത്തിയ അയഡിൻ വായുവിലേക്ക് തുറന്നുവിട്ടു. ഹാൻഫോർഡിനടുത്ത ഒരു പ്രദേശത്തെ സമീപവാസികൾ ഇപ്പോൾ വിളിക്കുന്നത് 'മരണമേഖല'(ഡെത്ത് മൈൽ) എന്നാണ്.'

ഏറെ ഉദ്ധരിക്കാനുണ്ട്; പക്ഷേ, സ്ഥലമില്ല. പുതിയ അമേരിക്കൻ പ്രസിഡണ്ട് ജോർജ് ബുഷിനെ അഭിമുഖീകരിച്ചേക്കാവുന്ന ആഭ്യന്തര പ്രശ്ന

ങ്ങളിൽ മുഖ്യം അണ്വായുധ–വ്യവസായ ശാലകളിലെ മാലിന്യം എങ്ങനെ കഴിച്ചുമൂടാമെന്നതു് ആയിരുന്നില്ല.

അമേരിക്കൻ അണ്വായുധ–വ്യവസായശാലകളെക്കുറിച്ചു പറഞ്ഞതെല്ലാം റഷ്യൻ–ബ്രിട്ടീഷ്–ഫ്രഞ്ച്–ചൈനീസ് അണ്വായുധവ്യവസായശാലകളെക്കുറിച്ചും പ്രസക്തമാണ്. അവയെ സംബന്ധിച്ച വിവരങ്ങൾ പുറത്തുവന്നിട്ടില്ലെന്നുമാത്രം.

ഇന്ത്യയിൽ കൂടുതൽ അണുവൈദ്യുതീനിലയങ്ങൾ സ്ഥാപിക്കണമെന്നു വാദിക്കുന്നവർ ഇതു വല്ലതും അറിയുന്നുണ്ടോ?

12 മാർച്ച്, 1989

# 43. ഭോപാൽ പീഡിതർക്ക് നഷ്ടപരിഹാരം

'ലോകത്തിലെ ഏററവും വലിയ രാസദുരന്തം' സംഭവിച്ചതു് 1984 ഡിസംബർ 2–3 തീയതികളിലായിരുന്നു. 'യൂനിയൻ കാർബൈഡ്' എന്ന അമേരിക്കൻ ബഹുരാഷ്ട്ര–വ്യവസായസ്ഥാപനത്തിന്റെ ഇന്ത്യൻ ഘടകം (സബ്സിഡിയറി) ആയ യൂനിയൻ കാർബൈഡ് ഇന്ത്യ ലിമിററഡ് ഇരുപത്തഞ്ചു കോടി രൂപ മുടക്കി മദ്ധ്യപ്രദേശ് സംസ്ഥാനത്തിന്റെ തലസ്ഥാനമായ ഭോപാലിൽ സ്ഥാപിച്ച കീടനാശിനിനിർമാണശാലയിൽ, ഭൂമിക്കടിയിൽ കുഴിച്ചിട്ട ടാങ്കുകളിൽ ദ്രവരൂപത്തിൽ സൂക്ഷിച്ചിരുന്ന 'മെഥിൽ ഐസോസയനൈററ്' (എം. ഐ. സി. )എന്ന രാസവിഷം വാതകമായി രൂപം മാറി പുറത്തു കടന്നു വായുവിൽ വ്യാപിച്ചു. 'ഈ വായു ശ്വസിച്ചു രണ്ടായിരത്തെഴുനൂറ് ആളുകൾ മരിച്ചതായും നാല്പതിനായിരത്തോളം ആളുകൾക്ക് അന്ധത അടക്കം പലതരത്തിലുള്ള അംഗവൈകല്യങ്ങൾ ബാധിച്ചതായും കണക്കാക്കപ്പെട്ടിരിക്കുന്നു.

ഇതിനെത്തുടർന്നു് യൂനിയൻ കാർബൈഡ് ഇന്ത്യ ലിമിററഡ് (യു. സി. ഐ. എൽ.) തങ്ങൾക്കു നഷ്ടപരിഹാരം നൽകണമെന്നു നാലു ലക്ഷത്തി എൺപത്തേഴായിരത്തോളം ആളുകൾ പരാതിപ്പെട്ടു. തങ്ങളുടെ ശ്രദ്ധക്കുറവുകൊണ്ടു സംഭവിച്ച ഈ ദുരന്തംമൂലം കഷ്ടത്തിലായവരോട് അനുകമ്പ പ്രദർശിപ്പിക്കുന്നതിനു പകരം, നിയമപരമായ ബാദ്ധ്യതകളിൽനിന്നു് എങ്ങനെയെങ്കിലും കുതറിച്ചാടാനാണ് യു. സി. ഐ. എൽ. ശ്രമിച്ചതു്. ഉത്തരവാദിത്തം തങ്ങൾക്കില്ലെന്നു വരുത്താനായി അട്ടിമറിക്കാരായ ഏതാനും തൊഴിലാളികൾ എം. ഐ. സി. നിറച്ച ടാങ്കുകളിൽ വെള്ളം കടത്തിവിട്ടതിനാലാണ് ഈ അപകടം സംഭവിച്ചതെന്ന ഒരു വാദഗതി യു. സി. ഐ. എൽ. ഉന്നയിച്ചു. ഈ വാദം കളവാണെന്നു പിന്നീടു നടന്ന അന്വേഷണങ്ങളിൽ തെളിഞ്ഞു.

പീഡിതർക്കു് ആശ്വാസം നൽകാൻ ഇന്ത്യാഗവണ്മെൻറ് രംഗത്തു വന്നതു വളരെ താമസിച്ചാണെന്ന ആക്ഷേപം ഉണ്ടായിരുന്നു. ഇതിനിടയിൽ കമ്പനിക്കെതിരെ പീഡിതരുടെ കേസ് വാദിച്ചു പണമുണ്ടാക്കാമെന്ന വ്യാമോഹത്തോടെ ഒരുപററം അമേരിക്കൻ അഭിഭാഷകർ രംഗത്തു വന്നു. പീഡിതർക്കു പേരിനു് എന്തെങ്കിലും സഹായം നൽകി സ്വന്തം ബാദ്ധ്യത ഒഴിവാക്കാൻ യു. സി. ഐ. എൽ. ശ്രമം തുടങ്ങുകയുംചെയ്തു. അമേരിക്കൻ അഭിഭാഷകരെ ഒഴിവാക്കാനും പീഡിതർക്കു ന്യായമായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കാനുമായി, പീഡിതർക്കുവേണ്ടി കമ്പനിക്കെതിരെ കേസ്സു നടത്തേണ്ട ബാദ്ധ്യത പൂർണമായി ഇന്ത്യാഗവണ്മെൻറ് ഏറെറടുത്തു.

ഭോപാൽ നഗരത്തിലെ ആകെ നിവാസികളിൽ പകുതിയോളം പേർ നഷ്ടപരിഹാരം ആവശ്യപ്പെട്ടു പരാതി ബോധിപ്പിച്ചിരുന്നു. ഇവരിൽ യഥാർത്ഥ പീഡിതർ ആരൊക്കെയെന്നു വൈദ്യപരിശോധനയിലൂടെ നിർണയിക്കേണ്ടി